# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :**1226** 13.12.2012-ൽ മറുപടിക്ക്

## സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കുവാൻ നിയമ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യുവും കയറും വകുപ്പുമന്ത്രി) |
| എ) സർക്കാർ ഉടമസ്ഥതയിലുള്ള എത്ര ഹെക്ടർ ഭൂമി നിലവിൽ വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പാട്ടത്തിനു നൽകിയിട്ടുണ്ടെന്നുളളതിന്റെ ജില്ല തിരിച്ചുളള കണക്കുകൾ ലഭ്യമാക്കുമോ? | എ) (see table below) |
| ബി) ഓരോ ജില്ലയിലും പാട്ടക്കാലാവധി കഴിഞ്ഞിട്ടും കൈവശം വച്ചിരിക്കുന്ന ഭൂമി ഏതെല്ലാമെന്നും അവയുടെ പാട്ടക്കാലാവധി കഴിഞ്ഞത് എപ്പോഴെന്നും വ്യക്തമാക്കുമോ; | ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| സി) പാട്ടക്കാലാവധി കഴിഞ്ഞിട്ടും പാട്ടക്കാരൻ കൈവശം വച്ചിരിക്കുന്ന സർക്കാർ ഉടമസ്ഥതയിലുളള ഭൂമി സർക്കാരിലേക്ക് വിട്ടുതരാത്ത പാട്ടക്കാർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | സി) പാട്ടക്കാലാവധി കഴിഞ്ഞ കേസ്സുകളിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1995-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. പാട്ടം പുതുക്കുന്നതിന് അപേക്ഷ നൽകിയിട്ടില്ലാത്ത, കുടിശ്ശിക വരുത്തിയിട്ടുളളവർ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് 1964 -ലെ കേരള ഭൂമി പതിവ് ചട്ടം 15(4) പ്രകാരം വ്യവസ്ഥാ ലംഘനത്തിന് നോട്ടീസ് നൽകി പാട്ടം റദ്ദ് ചെയ്യുന്നതിനുള്ള നടപടികളും , 1957 ലെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരം ഭൂമി സർക്കാരിലേക്ക് |

എ)

| | ജില്ല | വിസ്തീർണ്ണം(ഹെക്ടറിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 79.7867 |
| 2 | കൊല്ലം | 194.5403 |
| 3. | പത്തനംതിട്ട | 196.7209 |
| 4. | ആലപ്പുഴ | 2016.3101 |
| 5. | കോട്ടയം | 70.8613 |
| 6. | ഇടുക്കി | 29125.2360 |
| 7. | എറണാകുളം | 364.2490 |
| 8. | തൃശൂർ | 247.7176 |
| 9. | മലപ്പുറം | 03.8935 |
| 10. | കോഴിക്കോട് | 174.49 |
| 11. | വയനാട് | 29.67 |
| 12. | പാലക്കാട് | 327.67 |
| 13. | കണ്ണൂർ | 52.3486 |
| 14. | കാസറഗോഡ് | 1915.5159 |

| | |
|---|---|
| | തിരിച്ചെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| ഡി) പൊതുസ്വത്ത് കൈയടക്കി വയ്ക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി ഏറ്റെടുക്കുവാനും നിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോ? | ഡി) നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് ആവശ്യമുള്ള പക്ഷം നടപടികൾ സ്വീകരിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ